# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ.199/2024 തിരുവനന്തപുരം, തീയതി: 03/09/2024

## പത്രക്കുറിപ്പ്

### സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയുടെ ആലപ്പുഴ സെന്ററിൽ നടത്തുന്ന എം കോം. റൂറൽ മാനേജ്മെന്റ് പ്രോഗ്രാമിന് General - 8, SEBC (Ezhava) - 2, SEBC (Muslim) - 1, Backward Hindu - 1, General (EWS) - 2, Scheduled Cast - 3, Scheduled Tribe - 1 സീറ്റുകളിൽ ഒഴിവുകൾ ഉണ്ട്. പ്രസ്തുത ഒഴിവുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 2024 സെപ്റ്റംബർ 06 (വെള്ളിയാഴ്ച) രാവിലെ 11.30 ന് യൂണിവേഴ്സിറ്റി ഓഫ് കേരള സ്റ്റഡി ആന്റ് റിസർച്ച് സെന്റർ (UKSRC), ആലപ്പുഴയിൽ വച്ച് നടത്തുന്നു. പ്രവേശനം നേടുവാൻ യോഗ്യതയുള്ള വിദ്യാർത്ഥികൾ ആവശ്യമായ രേഖകൾ സഹിതം കൃത്യസമയത്തു തന്നെ സെന്ററിൽ ഹാജരാകേണ്ടതാണ്. വിശവിവരങ്ങൾക്ക്: 9745693024, ഇമെയിൽ: kusrc.commerce@keralauniversity.ac.in

### കേരളസർവകലാശാല വിദൂരവിദ്യാഭ്യാസം: യു.ജി./പി.ജി. പ്രോഗ്രാമുകളുടെ അഡ്മിഷൻ രജിസ്ട്രേഷൻ – തീയതി നീട്ടി

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസവിഭാഗത്തിൽ 2024 – 2025 അദ്ധ്യയന വർഷം അഞ്ച് ബിരുദ ബിരുദാനന്തര പ്രോഗ്രാമുകൾക്കുള്ള അഡ്മിഷൻ ആരംഭിച്ചു. ലൈബ്രറി സയൻസ്, മാത്തമാറ്റിക്സ് എന്നീ ബിരുദ പ്രോഗ്രാമുകൾക്കും ലൈബ്രറി സയൻസ്, കമ്പ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ് എന്നീ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്കുമാണ് അഡ്മിഷൻ നടത്തുന്നത്.

എം.എസ്സി. കമ്പ്യൂട്ടർ സയൻസ്, എം.എസ്സി. മാത്തമാറ്റിക്സ് കോഴ്സുകൾക്കുള്ള അപേക്ഷ ഒക്ടോബർ 31 വരെയും എം.എൽ.ഐ.എസ്സി., ബി.എൽ.ഐ.എസ്സി., ബി.എസ്സി. മാത്തമാറ്റിക്സ് കോഴ്സുകൾക്കുള്ള അപേക്ഷ നവംബർ 15 വരെയും ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. അപേക്ഷയുടെ ശരിപകർപ്പും അസ്സൽ സർട്ടിഫിക്കറ്റുകളും ഓൺലൈൻ അപേക്ഷ സമർപ്പിച്ച് 10 ദിവസത്തിനകം കാര്യവട്ടത്തെ വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ നേരിട്ടോ തപാൽ മാർഗ്ഗമോ എത്തിക്കേണ്ടതാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും മറ്റുവിവരങ്ങൾക്കും www.ideku.net സന്ദർശിക്കുക.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2024 സെപ്റ്റംബറിൽ നടത്തിയ എട്ടാം സെമസ്റ്റർ ബിഎസ്സി. കമ്പ്യൂട്ടർ സയൻസ് ഹിയറിംഗ് ഇംപയേർഡ് ഡിഗ്രി പരീക്ഷയുടെ പ്രായോഗിക പരീക്ഷകൾ 2024 സെപ്റ്റംബർ 10, 11 തീയതികളിൽ അതാത് കോളജുകളിൽ വച്ച് നടത്തുന്നതാണ് വിശദവിവരങ്ങൾ വെബ്സൈറ്റിൽ

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്സി., ജൂലൈ 2024 (റെഗുലർ – 2022 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2019 & 2020 അഡ്മിഷൻ, മേഴ്സിചാൻസ് – 2013 – 2016 & 2018 അഡ്മിഷൻ) പരീക്ഷയുടെ ബോട്ടണി പ്രാക്ടിക്കൽ 2024 സെപ്റ്റംബർ 25 മുതൽ വിവിധ കോളേജുകളിൽ ആരംഭിക്കുന്നതാണ്. വിശവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

കേരളസർവകലാശാല നടത്തിയ പാർട്ട് III ബി.കോം (ആന്വൽ സ്കീം – റഗുലർ, ഇപ്രൂവ്മെന്റ്, സപ്ലിമെന്ററി & മേഴ്സി ചാൻസ്) ഏപ്രിൽ 2024 പരീക്ഷകളിൽ ഒന്നാം വർഷ രണ്ടാം വർഷ സപ്ലിമെന്ററി പരീക്ഷകൾ എഴുതിയ വിദ്യാർത്ഥികളുടേയും, അഡീഷണൽ ഇലക്ടീവ് പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടേയും പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും 2024 സെപ്റ്റംബർ 12 വരെ ഓൺലൈൻ /ഓഫ്‌ലൈൻ ആയി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ പഞ്ചവർഷ എം.ബി.എ. ഇന്റഗ്രേറ്റഡ് (2022 & 2015 സ്കീം – റെഗുലർ ആന്റ് സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ 2024 സെപ്റ്റംബർ 11 വരെ ഓഫ്‌ലൈനായി സമർപ്പിക്കാവുന്നതാണ് .വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ഡിസംബറിൽ നടത്തിയ നാലാം സെമസ്റ്റർ പഞ്ചവർഷ എം.ബി.എ. (ഇന്റഗ്രേറ്റഡ്) (2015 സ്കീം – റെഗുലർ ആന്റ് സപ്ലിമെന്ററി ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ 2024 സെപ്റ്റംബർ 11 വരെ ഓഫ്‌ലൈനായി സമർപ്പിക്കാവുന്നതാണ് .വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് (ഓൺലൈൻ): സീറ്റ് ഒഴിവ്

കേരളസർവകലാശാല അറബി വിഭാഗം നടത്തിവരുന്ന ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് (ഓൺലൈൻ) എട്ടാം ബാച്ചിലേക്ക് ഏതാനും സീറ്റ് ഒഴിവുണ്ട്. താൽപ്പര്യമുള്ളവർ സെപ്തംബർ 10 ന് മുമ്പായി നിർദ്ദിഷ്ട ഫോമിൽ അപേക്ഷിക്കേണ്ടതാണ്. ഫീസ് : 6000/- രൂപ, വിശദവിവരങ്ങൾ www.arabicku.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0471-2308846, 9562722485

## ഓണം അവധി

കേരളസർവകലാശാല പഠനവിഭാഗങ്ങളും അഫിലിയേറ്റഡ് കോളേജുകളും ഓണം അവധിക്കായി സെപ്റ്റംബർ 12-ാം തീയതി വൈകുന്നേരം അടയ്ക്കുന്നതും ഓണം അവധിയ്ക്കുശേഷം സെപ്റ്റംബർ 23-ാം തീയതി രാവിലെ തുറന്ന് പ്രവർത്തനം ആരംഭിക്കുന്നതുമാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

| |
|---|
| *University information is available on* **9188526670, 9188526671, 9188526674, 9188526675**<br>**Whats App No. 8547330240** |